**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3596** **15-02-2024 - ൽ മറുപടിയ്ക്ക്**

**തൃപ്പൂണിത്തുറ ഹിൽ പാലസ് മ്യൂസിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നിലവിലുള്ള മ്യൂസിയങ്ങളും സ്മാരകങ്ങളും സംരക്ഷിക്കുന്നതിന് പുതിയ പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ; | (എ) | 1968 ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട് പ്രകാരം സംരക്ഷിത സ്മാരകങ്ങളായി പ്രഖ്യാപിച്ച സ്മാരകങ്ങളിൽ, ആവശ്യകത അനുസരിച്ച് ശാസ്ത്രീയ സംരക്ഷണ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനും, വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പുരാവസ്തു മ്യൂസിയങ്ങൾ, ജില്ലാ പൈതൃക മ്യൂസിയങ്ങൾ, പ്രാദേശിക മ്യൂസിയങ്ങൾ എന്നിവയുടെ സംരക്ഷണത്തിനും പരിപാലനത്തിനും പുരാവസ്തു വകുപ്പ് യഥാവിധി നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ മ്യൂസിയങ്ങളുടെയും, സ്മാരകങ്ങളുടെയും സംരക്ഷണത്തിനായി മേൽപറഞ്ഞവ കൂടാതെപുതിയ പദ്ധതികൾ വകുപ്പിന്റെ പരിഗണനയിൽ ഇല്ല. |
| (ബി) | തൃപ്പൂണിത്തുറ ഹിൽ പാലസ് മ്യൂസിയത്തിന്റെ സംരക്ഷണ പ്രവർത്തനങ്ങൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (ബി) | കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടുകൂടിയുള്ള ഹിൽ പാലസ് മ്യൂസിയത്തിലെ ഗ്യാലറികളുടെ പുനസ്സജ്ജീകരണ പ്രവൃത്തികൾ അന്തിമ ഘട്ടത്തിലാണ്. നാല്പതോളം നിർമിതികളും എട്ട് കുളങ്ങളും മതിൽക്കെട്ടുകളും അലങ്കാരപ്പണിത്തരങ്ങളുള്ള വിവിധതരം നിർമ്മിതികളും ഉൾപ്പെടെ, 49 ഏക്കർ സ്ഥലത്താണ് ഹിൽപാലസ് കെട്ടിട സമുച്ചയം സ്ഥിതി ചെയ്യുന്നത്. നിർമിതികളുടെ അവസ്ഥ പരിഗണിച്ച് മുൻഗണനാക്രമം നിശ്ചയിച്ചാണ് വകുപ്പ് ഘടനാ സംരക്ഷണ പ്രവൃത്തികൾ നിർവഹിച്ച് പോരുന്നത്. തെക്കേമാളിക, വടക്കേമാളിക, നടുവിലെ മാളിക, പത്തുമുറി, ശിലാശില്പ ഗ്യാലറി അനക്സ് എന്നീ പ്രധാന നിർമിതികളുടെ സംരക്ഷണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്. നിലവിൽ നടപ്പുര മാളിക, നേത്യാരമ്മ ബംഗ്ലാവ്, പുത്തൻ മാളിക എന്നിവയുടെ സംരക്ഷണ പ്രവൃത്തികൾ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹിൽ പാലസിന്റെ നവീകരണത്തിനായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും അതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം തൃപ്പൂണിത്തുറ ഹിൽ പാലസ് സമുച്ചയത്തിലെ കെട്ടിടങ്ങളുടെ ശാസ്ത്രീയ സംരക്ഷണ പ്രവൃത്തികൾക്കായി 2,10,28,435/- രൂപയുടെ സർക്കാർ ഭരണാനുമതി ലഭിച്ചിട്ടുള്ളതും ഇതിൽ 1,35,88,492/ രൂപ ചെലവഴിച്ചിട്ടുള്ളതുമാണ്. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി പുനസ്സജ്ജീകരണം നടത്തുന്ന മ്യൂസിയത്തിന്റെ സജ്ജീകരണ പ്രവൃത്തികൾക്കായി സംസ്ഥാന സർക്കാരിന്റെ മാച്ചിംഗ് ഷെയറായ 1,01,10,000/- രൂപ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം അനുവദിച്ചിട്ടുള്ളതും ആയത് മ്യൂസിയം നോഡൽ ഏജൻസിയായ ഇന്ററാക്ടീവ് മ്യൂസിയം ഓഫ് കൾച്ചറൽ ഹിസ്റ്ററി ഓഫ് കേരള മുഖേന ചെലവഴിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ